തിരുവനന്തപുരം മൃഗശാല

219(2273) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ പ്രതിവർഷ വരുമാനവും ചെലവും എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത മൃഗശാലയിൽ പുതുതായി കൊണ്ടുവന്ന മൃഗങ്ങളും പക്ഷികളും ഏതെല്ലാമാണെന്നും സന്ദർശകർക്ക് പുതുതായി ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) നവീകരണ പ്രവർത്തനങ്ങൾ ഒട്ടേറെ നടക്കുമ്പോഴും സന്ദർശകരെ ആകർഷിക്കാനും അവർക്ക് കൂടുതൽ സൗകര്യങ്ങളുണ്ടാക്കാനും മൃഗശാലയിലെ ജീവജാലങ്ങളെ നന്നായി സംരക്ഷിക്കാനും വേണ്ട സൗകര്യങ്ങൾ ഒരുക്കാത്തതായി ആക്ഷേപം ഉന്നയിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) നവീകരണ പ്രവർത്തനങ്ങളുടെ പേരിൽ തിരുവനന്തപുരം മൃഗശാലാ വളപ്പിൽ നിന്നും മുറിച്ചു മാറ്റപ്പെട്ട മരങ്ങൾ എത്രയാണെന്നും അതിന്റെ മതിപ്പുവിലയെത്രയാണെന്നും അറിയിക്കുമോ;

(എഫ്) ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിലെ ജീവനക്കാരുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിൽ എത്രയെന്നും കുറഞ്ഞിട്ടുണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിലെ പ്രതിവർഷ വരുമാനവും തരം തിരിച്ചുള്ള ചെലവുവിവരവും അനുബന്ധമായി ചേർക്കുന്നു*.

(ബി) വെള്ളകൃഷ്ണമൃഗങ്ങൾ, വെള്ളക്കടുവകൾ, കേഴമാനുകൾ, ഇന്ത്യൻ കാട്ടുപോത്തുകൾ, നീലക്കാളകൾ, കാട്ടുകോഴികൾ, വൈറ്റ് ഐബിസുകൾ, പെയിന്റഡ് സ്റ്റോർക്കുകൾ, കോമൺ മർമോസെറ്റുകൾ, ബാരാസിംഗകൾ, റോസ് പെലിക്കൺ, മുള്ളൻ പന്നി, വാത്തകൾ, റീസസ് കുരങ്ങ്, കരിങ്കുരങ്ങ്, മലയണ്ണാനുകൾ, ഹിമാലയൻ കഴുകൻ, അനാകോണ്ടകൾ എന്നിവയാണ് ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി കൊണ്ടുവന്ന പക്ഷികളും മൃഗങ്ങളും. ഈ സർക്കാരിന്റെ കാലയളവിൽ സന്ദർശകർക്ക് പുതുതായി ഒരുക്കിയ സൗകര്യങ്ങൾ താഴെചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. എൽ.ഇ.ഡി. സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചു.
2. കുട്ടികൾക്കായി ആക്ടിവിറ്റി സെന്റർ
3. സന്ദർശകർക്ക് മൃഗശാലാ സന്ദർശനത്തിന് ബാറ്ററി വാഹനം വാങ്ങി
4. ലൈബ്രറി നവീകരണം
5. നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ പ്രവേശന ഗ്യാലറിയുടെ നവീകരണം
6. കുട്ടികളുടെ പാർക്കിന്റെ നവീകരണം
7. മൃഗശാലയിൽ ഫ്ലോട്ടിംഗ് ഫൗണ്ടൻ
8. മ്യൂസിയത്തിന് ചുറ്റുമുള്ള പൂന്തോട്ടം മോടിപിടിപ്പിച്ചു
9. സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി
10. മ്യൂസിയം മൃഗശാലാ സമുച്ചയത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു
11. റീ-സൈക്ലിംഗ് പ്ലാന്റ്
12. പക്ഷിമൃഗാദികളെ കൈമാറ്റവ്യവസ്ഥയിൽ എത്തിച്ചു
13. പുതിയ പരിബന്ധനങ്ങൾ സ്ഥാപിച്ചു. (മലയണ്ണാൻ, കേഴമാൻ, കുറുക്കൻ, കഴുതപ്പുലി, നീലക്കാള, അനാക്കോണ്ട)
14. മ്യൂസിയത്തിലെ നടപ്പാത നവീകരിച്ചു
15. ഓട്ടോമാറ്റിക് ടിക്കറ്റ് കിയോസ്ക്
16. സർവയലൻസ് ക്യാമറകൾ സ്ഥാപിച്ചു
17. തിരുവനന്തപുരം മൃഗശാലക്ക് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി
18. വയർലസ് വാക്കിടോക്കികൾ വാങ്ങി
19. 3 ഡി തിയേറ്റർ സ്ഥാപിച്ചു.

(സി) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ നവീകരണത്തിന്റെ ഭാഗമായി ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

2011-12	-	7,75,00,000
2012-13	-	10,57,94,227
2013-14	-	11,75,84,846
2014-15	-	10,07,48,805
2015-16	-	7,97,47,223

(ഡി) ഇത്തരത്തിൽ ഒരു ആക്ഷേപവും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഒട്ടേറെ നവീകരണപ്രവർത്തനങ്ങൾ സന്ദർശകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജീവികളെ നന്നായി സംരക്ഷിക്കുന്നതിനും ഏർപ്പാടാക്കിയിട്ടുണ്ട്.

(ഇ) നവീകരണ പ്രവർത്തനങ്ങളുടെ പേരിൽ മരങ്ങൾ മുറിച്ച് മാറ്റപ്പെട്ടിട്ടില്ല.

(എഫ്) ഈ സർക്കാരിന്റെ കാലയളവിൽ ഒരു ബയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുകളോ കുറവുകളോ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly